भारतीय गैर न्यायिक

एक सौ रुपये Rs. 100

रु. 100 ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA BK 937036

01.02.2017. രണ്ടായിരത്തി പതിനേഴാമാണ്ട് ഫെബ്രുവരി മാസം ഒന്നാം തീയതി കണയന്നൂർ താലൂക്ക് ഇടപ്പള്ളിതെക്ക് വില്ലേജ് പാടിവട്ടം കരയിൽ ഇടപ്പള്ളി പി.ഒ.യിൽ കൊച്ചി 682024-ൽ പൊന്നാന്തറഹൗസിൽ കെ.എസ്.കൃഷ്ണൻ മകൻ **1. പി.കെ.വിനോദ്കുമാർ** 1-ാം പാർട്ടിയായും, ഐറിസ് ഹോളി ഡെയ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനുവേണ്ടി ടി സ്ഥാപനത്തിന്റെ ഡയറക്ടർ കണയന്നൂർ താലൂക്ക് ഇടപ്പള്ളി തെക്ക് വില്ലേജ് പാടിവട്ടം കരയിൽ പുത്തനങ്ങാടി വീട്ടിൽ ഇട്ടൂപ്പ് ഐസക് മകൻ **2. പി.ഐ.ഐസക്** 2-ാം പാർട്ടിയായും ചേർന്നെഴുതിയ **വാടക കരാർ.** 1-ാം പാർട്ടി വകയും 1-ാം പാർട്ടിയ്ക്ക്

1. പി.കെ.വിനോദ്കുമാർ
2. പി.ഐ.ഐസക്

No: 59869 Date 17-1-17
Value of Rs. 100/-
Sold to P. I ഐസക്ക്
ഇടപ്പള്ളി. P.O
To be linked with ...

R. AYYAPPA MENON
STAMP VENDOR
EDAPPALLY

DISTRICT STAMP DEPOT
30 DEC 2016
ERNAKULAM

പൂർണ്ണാവകാശപെട്ടതും 1–ാം പാർട്ടിയുടെ കൈവശാനുഭവത്തിലിരുന്ന് വരുന്നതുമായ കൊച്ചിൻകോർപ്പറേഷനിലെ 40/2790–ാം നമ്പറായുള്ള മുകളിലത്തെ നില കെട്ടിടം ഇന്നുമുതൽ പതിനൊന്ന് (11) മാസക്കാലത്തേക്ക് മാത്രമായി പ്രതിമാസം **8,400/– (എണ്ണായിരത്തി നാന്നൂറ്)** രൂപാ വീതം വാടക സമ്മതിച്ച് ടി കെട്ടിടത്തിൽ 2–ാം പാർട്ടിയ്ക്ക് ഓഫീസ് നടത്തുന്നതിനുവേണ്ടി ടി കെട്ടിടത്തിന്റെ താക്കോൽ സഹിതം 2–ാം പാർട്ടി വാടകയ്ക്കേറ്റിരിക്കുന്നതിനാൽ എല്ലാ ഇംഗ്ളീഷ് മാസങ്ങളിലേയും ഒന്നാം തീയതികളിൽ വാടകയുള്ള രൂപാ **എണ്ണായിരത്തി നാന്നൂറും** 1–ാം പാർട്ടിയ്ക്ക് 2–ാം പാർട്ടി തന്ന് ലക്ഷ്യം വാങ്ങികൊള്ളാവുന്നതും വാടക കുടിശിഖ വരുത്തിയാൽ മാസത്തിൽ നൂറ്റിയ്ക്ക് ഒന്നു വീതം കൂടുന്ന നഷ്ടസംഖ്യ കൂടി 1–ാം പാർട്ടിയ്ക്ക് 2–ാം പാർട്ടി തന്നു കൊള്ളാവുന്നതും പതിനൊന്ന് മാസം തികയുന്ന മുറയ്ക്കോ വാടക കുടിശിഖ വരുത്തിയാൽ ഇടക്കാലത്തോ എപ്പോഴെങ്കിലും 1–ാം പാർട്ടി ആവശ്യപെടുന്ന സമയം 2–ാം പാർട്ടി ടി കെട്ടിടത്തിൽ നിന്നും ഓഫീസ് നിർത്തിമാറി കെട്ടിടം 1–ാം പാർട്ടിയ്ക്ക് തിരികെ കൈവശം തന്നു കൊള്ളാവുന്നതും ടി കാലാവധി വരെ ടി കെട്ടിടത്തിൽ 2–ാം പാർട്ടിയ്ക്ക് ഓഫീസ് നടത്താമെന്നല്ലാതെ 1–ാം പാർട്ടിയുടെ വക മറ്റു വകകളിൽ പ്രവേശിക്കുവാനോ കെട്ടിടത്തിന് വല്ല കൂട്ടിചേർപ്പുകളും ഉണ്ടാക്കുവാനോ കെട്ടിടം രൂപഭേദപെടുത്തുവാനോ അന്യകൈവശം കൊടുക്കാനോ കീഴ്‌വാടകയ്ക്ക് കൊടുക്കാനോ യാതൊന്നിനും 2–ാം പാർട്ടിയ്ക്ക് അവകാശവും അധികാരവും ഇല്ലാത്തതും ടി കാലാവധി വരെ ടി കെട്ടിടം യാതൊരു നാശമോശങ്ങളും വരാതേയും വരുത്താതേയും 2–ാം പാർട്ടി നോക്കിസൂക്ഷിച്ചുകൊള്ളാവുന്നതും പ്രതിമാസ വാടകയ്ക്കും പുറമേ ടി കെട്ടിടത്തിലെ കറന്റ് ചാർജ് 2–ാം പാർട്ടി കയ്യിനാൽ അടച്ച് ആവകയ്ക്കുള്ള ലക്ഷ്യവും 1–ാം പാർട്ടിയെ 2–ാം പാർട്ടി ബോദ്ധ്യപെടുത്തികൊള്ളാവുന്നതും ആകുന്നു. മേൽവിവരിച്ചതിന് വിപരീതമായി 2–ാം പാർട്ടി പ്രവർത്തിച്ച് 1–ാം പാർട്ടിയ്ക്ക് വല്ല നഷ്ടവും സംഭവിപ്പാനിടയായാൽ ആവക സകല നഷ്ടസംഖ്യകളും 2–ാം പാർട്ടിയുടെ വക മറ്റുസ്വത്തുക്കളിൽ സ്ഥാപിച്ചും കയ്യിനാലും ന്യായാനു

1. പി.കെ.വിനോദ്കുമാർ

2. പി.ജെ.ഐസക്

സരണം ഈടാക്കി എടുക്കുന്നതിന് 1–ാം പാർട്ടിയ്ക്ക് അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതും വാടകയുടെ ഉറപ്പിലേയ്ക്കായി ഈ വാടക ഏർപ്പാട് അവസാനിക്കുന്ന സമയം പലിശകൂടാതെ 1–ാം പാർട്ടി 2–ാം പാർട്ടിയ്ക്ക് തിരികെ കൊടുക്കത്തക്കരീതിയിൽ അഡ്വാൻസായി **10,000/– (പതിനായിരം)** രൂപാ 1–ാം പാർട്ടി 2–ാം പാർട്ടിയോട് പറ്റി ബോദ്ധ്യപെട്ടിട്ടുള്ളതും കാലാവധി കഴിയുന്ന മുറയ്ക്ക് വാടകയിനത്തിലോ കറന്റ് ചാർജ് ഇനത്തിലോ കുടിശ്ശിഖ എന്തെങ്കിലും ഉണ്ടെങ്കിലോ, ടി കെട്ടിടത്തിനോ, അതിലെ ഇലക്ട്രിക് ഫിറ്റിംഗ്സുകൾക്കോ എന്തെങ്കിലും കേടുപാടുകൾ വരുത്തിയാലോ ആയത് അഡ്വാൻസ് സംഖ്യയിൽ തട്ടിക്കിഴിച്ചും പോരാതെ വന്നാൽ 2–ാം പാർട്ടിയുടെ കയ്യിനാൽ കൂട്ടിതീർത്തും കുടിശ്ശിഖ ഒന്നും ഇല്ലെങ്കിൽ അഡ്വാൻസ് സംഖ്യ തിരികെ വാങ്ങിയും 2–ാം പാർട്ടി ഈ വാടക ഏർപ്പാട് അവസാനിപ്പിച്ച് കൊള്ളാവുന്നതും, ടി കാലാവധിയ്ക്ക് മുൻപായി ടി കെട്ടിടത്തിൽ നിന്നും 1–ാം പാർട്ടിയ്ക്ക് 2–ാം പാർട്ടിയെ ഒഴിപ്പിക്കണമെങ്കിലോ 2–ാം പാർട്ടിയ്ക്ക് താനെ ഒഴിഞ്ഞുപോകണമെങ്കിലോ പരസ്പരം ഒരു മാസം മുൻപേ നോട്ടീസ് മുഖാന്തിരം അറിയിക്കേണ്ടതും ടി കെട്ടിടത്തിൽ നിയമവിരുദ്ധമായ യാതൊരുവിധ സാധനങ്ങളും 2–ാം പാർട്ടി സൂക്ഷിക്കുവാൻ പാടില്ലാത്തതും ആകുന്നു. മേൽവിവരിച്ചപ്രകാരമെല്ലാം പൂർണ്ണമായി സമ്മതിച്ച് താഴെ എഴുതുന്ന സാക്ഷികൾ കാൺകെ നമ്മൾ ഇതിൽ ഒപ്പിട്ട് അസ്സൽ 1–ാം പാർട്ടിയും ഫോട്ടോകോപ്പി 2–ാം പാർട്ടിയും എടുത്തിരിക്കുന്നു.

എന്ന്ടി, 1. **പി.കെ.വിനോദ്കുമാർ**

2. **പി.ഐ.ഐസക്**

സാക്ഷികൾ: 1. കെ.കെ. രാധാകൃഷ്ണൻ

2. പി.പി. സുരേഷ് ബാബു

ഇത് കമ്പ്യൂട്ടർപ്രിന്റ് ആകുന്നു.

1. **പി.കെ.വിനോദ്കുമാർ**
2. **പി.ഐ.ഐസക്**